**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 247** **05-12-2022 - ൽ മറുപടിയ്ക്ക്**

**അവയവ മാറ്റ ശസ്ത്രക്രിയകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അവയവ മാറ്റ ശസ്ത്രക്രിയകൾ സംബന്ധിച്ച ചികിത്സ സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന ഇക്കാലഘട്ടത്തിൽ ആയതിന് പരിഹാരം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ ; | (എ) | സർക്കാർ സ്ഥാപനങ്ങളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ പൂർണമായും സൗജന്യമാണ്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവെക്കൽ സൗകര്യം ലഭ്യമാണ്. കോട്ടയം മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും കരൾ മാറ്റ ശസ്ത്രക്രിയാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയ മാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ലഭ്യമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതിനായുള്ള സജ്ജീകരണങ്ങൾ ഒരുക്കി വരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ കോർണിയ മാറ്റ ശസ്ത്രക്രിയ ചെയ്തു വരുന്നുണ്ട്. 2021-22 വർഷത്തിൽ തിരുവനന്തപുരം. കോഴിക്കോട്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റത്തിനായുള്ള ഉപകരണങ്ങളും മറ്റ സൗകര്യങ്ങൾക്കുമായി ഒരു കോടി എഴുപതു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷത്തേയ്ക്കായി സംസ്ഥാനത്തു 3 മെഡിക്കൽ കോളേജിലേയും അവയവമാറ്റത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി ഒരു കോടി അമ്പതു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അവയവമാറ്റം അടക്കം വലിയ തരത്തിലുള്ള ചികിത്സകൾ ലഭ്യമാക്കുന്നതിനായി നിലവിലുള്ള സേവനങ്ങൾ വിപുലീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (ബി) | നിലവിലുള്ള സേവനങ്ങൾ വിപുലീകരിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് അവയവ മാറ്റം അടക്കം വലിയ തരത്തിലുള്ള ചികിത്സകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | സർക്കാർ സ്ഥാപനങ്ങളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ പൂർണമായും സൗജന്യമാണ്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവെക്കൽ സൗകര്യം |

| | | | |
|---|---|---|---|
| | | | ലഭ്യമാണ്. കോട്ടയം മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും കരൾ മാറ്റ ശസ്ത്രക്രിയാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയ മാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ലഭ്യമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതിനായുള്ള സജ്ജീകരണങ്ങൾ ഒരുക്കി വരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ കോർണിയ മാറ്റ ശസ്ത്രക്രിയ ചെയ്തു വരുന്നുണ്ട്. 2021-22 വർഷത്തിൽ തിരുവനന്തപുരം. കോഴിക്കോട്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റത്തിനായുള്ള ഉപകരണങ്ങളും മറ്റു സൗകര്യങ്ങൾക്കുമായി ഒരു കോടി എഴുപതു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷത്തേയ്ക്കായി സംസ്ഥാനത്തു 3 മെഡിക്കൽ കോളേജിലേയും അവയവമാറ്റത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി ഒരു കോടി അമ്പതു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അവയവമാറ്റം അടക്കം വലിയ തരത്തിലുള്ള ചികിത്സകൾ ലഭ്യമാക്കുന്നതിനായി നിലവിലുള്ള സേവനങ്ങൾ വിപുലീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ